**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 215** — **25-06-2024 - ൽ മറുപടിയ്ക്ക്**

**പുതിയ സിനിമാ തിയേറ്ററുകളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ്,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ എല്ലാ ജില്ലകളിലും പുതിയ സിനിമാ തീയറ്ററുകൾ നിർമ്മിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | കിഫ്ബി സാമ്പത്തിക സഹായത്തോടെ ആലപ്പുഴ ജില്ലയിൽ കായംകുളം മുനിസിപ്പാലിറ്റിയിൽ 3 സ്ക്രീനുകൾ അടങ്ങുന്ന ഒരു തീയേറ്റർ സമുച്ചയം, കോട്ടയം ജില്ലയിൽ വൈക്കം മുനിസിപ്പാലിറ്റിയിൽ 2 സ്ക്രീനുകൾ അടങ്ങുന്ന ഒരു തീയേറ്റർ സമുച്ചയം, തൃശ്ശൂർ ജില്ലയിൽ അളഗപ്പനഗർ പഞ്ചായത്തിൽ 2 സ്ക്രീനുകൾ അടങ്ങുന്ന ഒരു തീയേറ്റർ സമുച്ചയം, കണ്ണൂർ ജില്ലയിൽ പയ്യന്നൂർ മുനിസിപ്പാലിറ്റിയിൽ 2 സ്ക്രീനുകൾ അടങ്ങുന്ന ഒരു തീയേറ്റർ സമുച്ചയം, കണ്ണൂർ ജില്ലയിൽ പായം പഞ്ചായത്തിൽ 2 സ്ക്രീനുകൾ അടങ്ങുന്ന ഒരു തീയേറ്റർ സമുച്ചയം എന്നിവയാണ് നിലവിൽ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ച വരുന്ന തീയേറ്റർ സമുച്ചയങ്ങൾ. മലപ്പുറം ജില്ലയിലെ താനൂർ, കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര എന്നിവിടങ്ങളിൽ തീയേറ്റർ സമുച്ചയം നിർമ്മിക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട വകുപ്പിൽ നിന്നും സ്ഥലം കൈമാറി ലഭിക്കേണ്ടതുണ്ട്. അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കിഫ്ബി മുഖേന ഫണ്ട് ലഭ്യമാകുന്ന മുറയ്ക്കും അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന സാഹചര്യത്തിലും ലാഭകരമായി പ്രവർത്തിപ്പിക്കാൻ കഴിയുന്ന കേന്ദ്രങ്ങളിൽ തീയറ്ററുകൾ സ്ഥാപിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ബി) | പ്രസ്തുത കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള തീയറ്ററുകൾ ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് നവീകരിക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഉണ്ട്. കെ.എസ്.എഫ്.ഡി.സി.യുടെ കീഴിലുള്ള 17 തീയേറ്ററുകൾ സർക്കാരിൽ നിന്ന് ലഭിക്കുന്ന പ്ലാൻ ഫണ്ട് ഉപയോഗിച്ച് വർഷം തോറും ഏറ്റവും പുതിയതും മികച്ചതുമായ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് നവീകരിക്കുവാനാണ് പദ്ധതിയിട്ടിരിക്കുന്നത്. 2019-20, 2020-21 എന്നീ സാമ്പത്തിക വർഷങ്ങളിലെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് കോഴിക്കോട് കൈരളി/ശ്രീ തിയേറ്ററും 2020-21, 2021-22 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ട് |

| | | | |
|---|---|---|---|
| | | | ഉപയോഗിച്ച് തിരുവനന്തപുരം കൈരളി/നിള/ശ്രീ തിയേറ്ററും ഇപ്രകാരം അത്യന്താധുനിക സാങ്കേതിക സൗകര്യങ്ങളോടെ (4K Laser projection, Dolby Atmos Sound System, Silver Screen etc.,) നവീകരിച്ച് പുതിയ സിനിമാനുഭവം നൽകുന്ന വിധത്തിൽ പൊതുജനങ്ങൾക്കായി തുറന്ന് നൽകിയിട്ടുണ്ട്. നിലവിൽ തൃശ്ശൂരിൽ പ്രവർത്തിക്കുന്ന കൈരളി/ശ്രീ തീയേറ്ററിൽ 2023-24 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതം ഉപയോഗിച്ചുകൊണ്ട് നവീകരണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. 2024-25 പദ്ധതി വിഹിതം ഉപയോഗിച്ച് തിരുവനന്തപുരം കലാഭവൻ തിയേറ്റർ, ചേർത്തല കൈരളി/ശ്രീ തിയേറ്ററുകൾ എന്നിവ നവീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |
| (സി) | സാംസ്കാരിക വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളുടെ പുസ്തകങ്ങളും മറ്റുൽപ്പന്നങ്ങളും പ്രദർശിപ്പിക്കാനും വിപണനം ചെയ്യാനുമുള്ള കൗണ്ടറുകൾ സിനിമാ തീയറ്ററിനോടനുബന്ധിച്ച് സജ്ജീകരിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | പുതുതായി നിർമ്മിച്ച് കൊണ്ടിരിക്കുന്ന തീയേറ്റർ സമുച്ചയങ്ങളിൽ പ്രേക്ഷകർക്ക് വിശ്രമിക്കുന്നതിന് വേണ്ടിയുള്ള ലോബിയുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ലോബി ഏരിയകളിൽ പുസ്തക പ്രദർശനം/വിപണനം ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ